# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1058

20/03/2012 ൽ
മറുപടിക്ക്

## ശിക്ഷാ വിശാരദ് കോഴ്സ് സംബന്ധിച്ച വിശദാംശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ദാസൻ | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) തൃശൂർ ജില്ലയിൽ നായകനാലിൽ പ്രവർത്തിക്കുന്ന ഹിന്ദി പ്രചാര വിദ്യാലയം എന്ന സ്ഥാപനം ഉത്തർപ്രദേശിലെ ഹിന്ദി സാഹിത്യ സമ്മേളൻ യൂണിവേഴ്സിറ്റി നൽകുന്ന ശിക്ഷാ വിശാരദ് ബിരുദ കോഴ്സ് പഠിപ്പിക്കാൻ എൻ.സി.റ്റി.ഇ. അംഗീകാരമുള്ള സ്ഥാപനമാണോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ അംഗീകാരം നൽകിയിട്ടുള്ള സർക്കാർ ഉത്തരവിന്റേയും എൻ.സി.റ്റി.ഇ ഉത്തരവിന്റേയും പകർപ്പുകൾ ലഭ്യമാക്കുമോ; പ്രസ്തുത സ്ഥാപനത്തിന്റെ പ്രിൻസിപ്പലിന്റെ പേരും അഡ്രസ്സും നൽകാമോ; | (എ) 6/8/2010 ലെ 41440/ജെ 3/10 പൊ.വി നമ്പർ സർക്കാർ കത്ത് പ്രകാരം<br>1) ഹിന്ദി പ്രചാർ കേന്ദ്ര, കൊടുങ്ങല്ലൂർ തൃശ്ശൂർ 680664,<br>2) കേന്ദ്രീയ ഹിന്ദി മഹാ വിദ്യാലയം മണപ്പാടം പാലക്കാട്-678689,<br>3)കസ്തൂർബാ ഗാന്ധി മെമ്മോറിയൽ ഹിന്ദി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് കസ്തൂർബാ നഗർ പി.ഒ, നെടുപുഴ, തൃശ്ശൂർ 680015<br>എന്നീ 3 സ്ഥാപനങ്ങൾക്കു മാത്രമേ ടി കോഴ്സ് പഠിപ്പിക്കുന്നതിനുള്ള NCTE അംഗീകാരം നൽകിയിട്ടുള്ളൂ. |
| (ബി) പ്രസ്തുത ശിക്ഷാ വിശാരദ് കോഴ്സ് നടത്തുന്നതിന് എൻ.സി.റ്റി.ഇ. അംഗീകാരമുള്ളതായി സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 28/10/(G.Edn) തീയതി 9/2/2010-ൽ പറഞ്ഞിരിക്കുന്ന കേരളത്തിലെ 3 കേന്ദ്രങ്ങളിൽ ഏതെങ്കിലുമായി പ്രസ്തുത സ്ഥാപനത്തിന് നിയമാനുസൃത അഫിലിയേഷൻ ഉണ്ടോ; ഉണ്ടെങ്കിൽ അത് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | (ബി) യും (സി) യും (ഡി) യും<br><br>കേരളത്തിലെ എയ്ഡഡ് യു.പി/എച്ച്.എസ് വിഭാഗത്തിലെ ഹിന്ദി അദ്ധ്യാപക തസ്തികയിലേയ്ക്ക് നിയമനത്തിനുള്ള പകര യോഗ്യതയായി അലഹബാദ് ഹിന്ദി സാഹിത്യ സമ്മേളൻ നടത്തുന്ന 'ശിക്ഷാ വിശാരദ്' കോഴ്സിന് 17/3/1998 ലെ G.O (MS) 88/98/G.Edn. പ്രകാരം അംഗീകാരം നൽകിയിരുന്നു. ഇതിന് NCTE അംഗീകാരമുള്ള സ്ഥാപനങ്ങൾ തന്നെ വേണമെന്നില്ല. |

(സി) തൃശൂരിലുള്ള മേൽപ്പറഞ്ഞ സ്ഥാപനത്തിന് എൻ.സി.റ്റി.ഇ അംഗീകാരമുള്ളതും ശിക്ഷാ വിശാരദ് കോഴ്സ് നടത്താൻ എൻ.സി.റ്റി.ഇ യും സർക്കാരും അംഗീകാരം നൽകിയിട്ടുള്ളതുമായ ഉപകേന്ദ്രം കോഴിക്കോട് പ്രവർത്തിച്ചിരുന്നുവോ; എങ്കിൽ സ്ഥാപനം എവിടെയാണ് പ്രവർത്തിച്ചിരുന്നത് എന്നും ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ; പ്രസ്തുത സ്ഥാപനത്തിന്റെ പേരും വിലാസവും ഫോൺ നമ്പരും ലഭ്യമാക്കാമോ;

(ഡി) 2006-07, 2007-08, വർഷങ്ങളിൽ തൃശൂരിലെ പ്രസ്തുത സ്ഥാപനത്തിലും അതിന്റെ കോഴിക്കോട്ടെ ഉപകേന്ദ്രത്തിലും ശിക്ഷാ വിശാരദ് കോഴ്സിന് പഠിച്ചിട്ടുള്ളവരുടെ പേരും മേൽവിലാസവും അഡ്മിഷൻ നമ്പരും വർഷം തിരിച്ച് നൽകാമോ;

(സി), (ഡി) എന്നാൽ ഈ കോഴ്സ് നടത്തുന്നതിനെ സംബന്ധിച്ചും, പഠിപ്പിക്കുന്ന സ്ഥാപനങ്ങളെക്കുറിച്ചും നൽകുന്ന സർട്ടിഫിക്കറ്റുകളുടെ നിജസ്ഥിതിയെക്കുറിച്ചും ധാരാളം പരാതികൾ ലഭിച്ചതിന്റെയും വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ടി കോഴ്സിന്റെ അംഗീകാരം 2006, മാർച്ച് മുതൽ 9/2/10 ലെ G.O (MS) No.28/10/G.Edn. ഉത്തരവ് പ്രകാരം പിൻവലിച്ചിരുന്നു. NCTE അംഗീകാരമുള്ള സ്ഥാപനങ്ങൾ നടത്തുന്ന ഈ കോഴ്സിന് 31/12/2009 വരെ അംഗീകാരം നൽകിയിരുന്നു. NCTE അംഗീകാരമില്ലാത്ത സ്ഥാപനങ്ങൾ ഈ ഉത്തരവ് പ്രകാരം 2006 മാർച്ച് വരെ നൽകിയ കോഴ്സ് സർട്ടിഫിക്കറ്റിന് അംഗീകാരമുണ്ട്.

(ഇ) പ്രസ്തുത സ്ഥാപനങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതാണോ എന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത സ്ഥാപനങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്.

(എഫ്) ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ അംഗീകൃത കേന്ദ്രങ്ങളെ സംബന്ധിച്ച മുഖ്യ വിവരാവകാശ ഓഫീസറുടെ പേരും ഔദ്യോഗിക മേൽവിലാസവും വ്യക്തമാക്കാമോ?

(എഫ്) ജനറൽ സെക്രട്ടറി,
ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭ,
ത്യാഗരാജ നഗർ, ചെന്നൈ- 600017

സെക്ഷൻ ഓഫീസർ